കെ. ജാബിർ

# വ്യാജ ഹദീസുകൾ


**ഹദീസുകളെസ്സംബന്ധിച്ച** ചർച്ചയിൽ വ്യാജഹദീസുകൾ ചർച്ചാവിധേയമാകുന്നത്, പ്രവാചകന്മാരെക്കുറിച്ച ചർച്ചയിൽ കള്ളപ്രവാചകന്മാർ പരാമർശവിധേയമാകുന്നതുപോലുള്ള ഒരു ദുര്യോഗമാണ്. എന്നാൽ, ജനങ്ങളുടെ ആത്മീയോത്കർഷത്തിനെന്ന പേരിൽ കള്ളഹദീസുകൾ വിവേചനരഹിതമായി പ്രചരിപ്പിക്കാൻ മുസ്‌ലിംകൾതന്നെ ധൃഷ്ടരാവുകയും അതിന് ഫണ്ടുചെയ്യാൻ അന്താരാഷ്ട്ര ഏജൻസികൾവരെ രംഗപ്രവേശം ചെയ്യുകയും ചെയ്തിരിക്കുന്ന പുതിയ സാഹചര്യത്തിൽ, വ്യാജഹദീസുകളുടെ ചരിത്രവും പ്രേരണകളും പ്രയോക്താക്കളും ചർച്ചാവിധേയമാകുന്നത് ഉചിതംമാത്രമല്ല അനിവാര്യവുമായി മാറുന്നു.

### നിർവചനം

ഉപേക്ഷിക്കുക, മാർജനം ചെയ്യുക, കെട്ടിച്ചമക്കുക എന്നീ അർഥങ്ങളുള്ള *വദ്അ്* (وضع) എന്ന പദത്തിൽനിന്ന് നിഷ്പന്നമായ *മൗദൂഅ്* (موضوع) എന്ന കർമരൂപമാണ് വ്യാജഹദീസുകളെ വ്യവഹരിക്കാൻ ഹദീസ്നിദാനശാസ്ത്രജ്ഞർ ഉപയോഗിക്കുന്നത്. സ്വഹീഹായ ഹദീസിലെ ഏതെങ്കിലും പദം സ്വതാൽപര്യപ്രകാരം വിട്ടുകളയുക, സ്വേഛാനുസാരം ഒരു പദം അതിൽ കൂട്ടിച്ചേർക്കുക, ഒരു കാര്യം പ്രവാചകൻ പറഞ്ഞതായി വ്യാജമായി ആരോപിക്കുക എന്നീ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്ന സമഗ്രമായ പദമാണ് ഭാഷാപരമായി *മൗദൂഅ്* എന്നത്. എന്നാൽ, മുഹമ്മദ് നബി(സ) ഒരു കാര്യം പറഞ്ഞുവെന്നോ ചെയ്തുവെന്നോ അംഗീകരിച്ചുവെന്നോ വ്യാജമായി അവകാശപ്പെടുന്ന ഹദീസുകളാണ് സാങ്കേതികാർഥത്തിൽ *അൽഹദീസുൽ മൗദൂഅ്*(വ്യാജ ഹദീസ്).

### ചരിത്രം

വ്യാജഹദീസുകൾ പ്രചരിപ്പിക്കാൻ തൽപ്പരകക്ഷികൾ ആദ്യമായി ശ്രമിച്ചതെപ്പോഴാണെന്ന കാര്യത്തിൽ ഹദീസ് പണ്ഡിതർക്കിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ടെങ്കിലും പ്രവാചകന്റെ സന്തതസഹചാരികളായ അനുചരന്മാരാരും അതിന് മുതിർന്നതായി ഇതുവരെയും തെളിയിക്കപ്പെട്ടിട്ടില്ല. ദൈവഭയവും പ്രവാചകസ്നേഹവും രക്തത്തിലലിഞ്ഞുചേരുകയും ഉള്ളതെല്ലാം ത്യജിച്ച് വിശ്വാസസംരക്ഷണത്തിന്നായി മുന്നിട്ടിറങ്ങുകയും ചെയ്ത അവർ വ്യാജഹദീസുകളുടെ നിർമിതിക്ക് മുതിരുമെന്നു സങ്കൽപിക്കുന്നതുതന്നെ അബദ്ധമാകും. *'എന്നെസ്സംബന്ധിച്ച് കള്ളം പ്രചരിപ്പിക്കുന്നവൻ നരകത്തിൽ തന്റെ ഇരിപ്പിടം ഉറപ്പിച്ചുകൊള്ളട്ടെ, എന്നെസ്സംബന്ധിച്ചുപറയുന്ന കള്ളം മറ്റാരെയുംകുറിച്ചു പ്രചരിപ്പിക്കുന്ന കള്ളം പോലെയല്ല. മനഃപൂർവം അങ്ങനെ ചെയ്യുന്നവൻ നരകത്തിൽ തന്റെ ഇരിപ്പിടം തീർച്ചപ്പെടുത്തിക്കൊള്ളട്ടെ'* എന്നീ രണ്ട് ഹദീസുകൾ അറിയാത്തവരോ അവയുടെ ആശയമുൾക്കൊള്ളാത്തവരോ ആയി ഒരു സ്വഹാബിപോലുമുണ്ടായിരുന്നില്ല എന്നി



രിക്കെ വിശേഷിച്ചും. കള്ളപ്രവാചകന്മാരായി ചില വ്യക്തികളും വിശ്വാസപരിത്യാഗികളായും സകാത്തുനിഷേധികളായും ചില ഗോത്രങ്ങളും രംഗത്തുവന്ന വേളയിൽപോലും വ്യാജഹദീസുകൾകൊണ്ട് തങ്ങളുടെ നിലപാടിനെ ന്യായമത്കരിക്കാൻ അവർ ശ്രമിച്ചതായി കാണുന്നില്ലെന്ന വസ്തുത, വ്യാജഹദീസ് എന്നൊരാശയംതന്നെ അന്ന് നിലവിലില്ലായിരുന്നുവെന്ന യാഥാർഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. കളവ് പറയുന്നത് അതീവ ഗുരുതരമായ തെറ്റായി മനസ്സിലാക്കിയിരുന്ന സ്വഹാബിവര്യന്മാരുടെ സത്യസന്ധതയെസ്സംബന്ധിച്ച് ഇമാം ബൈഹഖി റിപ്പോർട്ടു ചെയ്യുന്നതു കാണുക:




ബർറാഉബ്നു ആസിബ് പറയുന്നു: *നബിയുടെ സംസാരങ്ങൾ നേരിട്ട് ശ്രവിക്കാനുള്ള അവസരം ഞങ്ങൾക്കെല്ലാവർക്കും ലഭിക്കാറുണ്ടായിരുന്നില്ല. കൃഷിയും മറ്റു ഏർപ്പാടുകളുമൊക്കെ ഉള്ളവരായിരുന്നല്ലോ ഞങ്ങൾ. എന്നുവെച്ച് പ്രവാചകൻ പറഞ്ഞുവെന്ന പേരിൽ ഒരു കാര്യവും ഞങ്ങൾ വ്യാജമായി പ്രചരിപ്പിച്ചിരുന്നില്ല.*

ഖതാദഃ പറയുന്നു: *ഒരിക്കൽ അനസിൽനിന്ന് ഒരു ഹദീസ് കേട്ടപ്പോൾ ശ്രോതാവ് ചോദിച്ചു: നിങ്ങൾ ഇത് പ്രവാചകനിൽനിന്ന് കേട്ടിട്ടുണ്ടോ? അപ്പോൾ അതെയെന്നോ കള്ളം പറയാറില്ലാത്ത വ്യക്തിയിൽനിന്നാണ് താനിത് കേട്ടതെന്നോ മറ്റോ അനസ് മറുപടി പറഞ്ഞു. ഖതാദഃ തുടരുന്നു: അല്ലാഹുവാണ, ഞങ്ങൾ ഒട്ടും കളവ് പറയാറുണ്ടായിരുന്നില്ല. കള്ളമെന്താണെന്നുപോലും ഞങ്ങൾക്കറിയുമായിരുന്നില്ല.*

ഹിജ്റ നാൽപ്പതാം വർഷംവരെ വ്യാജഹദീസുകൾ പ്രചരിപ്പിക്കുന്ന പ്രവണത ഉണ്ടായിരുന്നില്ലെന്നാണ് പണ്ഡിതന്മാരുടെ പൊതുനിഗമനം. എന്നാൽ, ഖലീഫ ഉസ്മാന്റെ ഭരണത്തിന്റെ അവസാനകാലമായപ്പോഴേക്കുതന്നെ വ്യാജഹദീസുകൾ പ്രചരിക്കാൻ തുടങ്ങിയിരുന്നുവെന്ന് ചില പണ്ഡിന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മുസ്‌ലിംസമൂഹത്തിൽ പലതരത്തിലുള്ള ഭിന്നതകളും പക്ഷപാതിത്വങ്ങളും ഉടലെടുക്കാൻ തുടങ്ങിയതോടെയാണ് വ്യാജഹദീസുകളും പ്രചരിക്കാൻ തുടങ്ങിയതെന്ന കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരാണ്. അങ്ങനെ വരുമ്പോൾ, ഹിജ്റ നാൽപതാമാണ്ടിനുമുമ്പുതന്നെ ഈ പ്രവണത കാണപ്പെട്ടിരുന്നുവെന്ന നിഗമനമാണ് കൂടുതൽ സൂക്ഷ്മം.

മുസ്‌ലിംസമൂഹത്തിൽ ഭിന്നതയും അന്ധമായ പക്ഷപാതിത്വങ്ങളും സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ഏത് കുടില മാർഗവും അവലംബിക്കാൻ ധൃഷ്ടനായിരുന്ന അബ്ദുല്ലാഹിബ്നു സബഅ് എന്ന ജൂതനാണ് വ്യാജ ഹദീസുകളുടെ ആദ്യ പ്രചാരകൻ എന്ന് കരുതപ്പെടുന്നു. അതേസമയം, ഒരു കക്ഷിയെന്ന നിലയ്ക്ക് വ്യാജഹദീസുകൾ ഇദംപ്രഥമമായി പ്രചരിപ്പിച്ചത്, അന്ധമായി അലിയുടെ പക്ഷംപിടിച്ച ശീഈകളാണ്. വ്യക്തികളിൽ ഇല്ലാത്ത മാഹാത്മ്യം ആരോപിക്കുന്നതിനായിരുന്നു അവർ വ്യാജഹദീസുകളെ കൂട്ടുപിടിച്ചത്. *നഹ്ജുൽബലാഗഃ*ക്ക് വിശദീകരണമെഴുതവെ ഇബ്നു അബിൽഹദീദ് എഴുതുന്നു: *വ്യക്തിമാഹാത്മ്യം വിശദമാക്കുന്ന ഹദീസുകളിൽ ആദ്യമായി കള്ളങ്ങൾ നിവേശിപ്പിച്ചത് ശീഈകളാണ്. അവരെ എതിരിടാനായി ഭോഷന്മാരായ ചില സുന്നികളും വ്യാജഹദീസുകൾ നിർമിച്ചു.* ശീഈകളുടെ സങ്കേതമായിരുന്ന ഇറാഖിലാണ് ആദ്യമായി വ്യാജഹദീസുകൾ നിർമിക്കപ്പെട്ടത്. ഇമാം സുഹ്‌രി ഇങ്ങനെ പറയാറുണ്ടായിരുന്നു: *ഞങ്ങളുടെ അടുക്കൽനിന്ന് പുറപ്പെടുമ്പോൾ ഒരു ചാൺനീളമുള്ള ഹദീസ് ഇറാഖിൽ പോയി തിരിച്ചുവരുമ്പോൾ ഒരു മുഴം നീളമെങ്കിലുമുണ്ടായിരിക്കും.* ഇമാം മാലിക് ഇറാഖിനെ വ്യാജഹദീസുകളുടെ അച്ചുകൂടം

**ഹിജ്റ നാൽപ്പതാം വർഷംവരെ വ്യാജഹദീസുകൾ പ്രചരിപ്പിക്കുന്ന പ്രവണത ഉണ്ടായിരുന്നില്ലെന്നാണ് പണ്ഡിതന്മാരുടെ പൊതുനിഗമനം. എന്നാൽ, ഖലീഫ ഉഥ്മാന്റെ ഭരണത്തിന്റെ അവസാനകാലമായപ്പോഴേക്കുതന്നെ വ്യാജഹദീസുകൾ പ്രചരിക്കാൻ തുടങ്ങിയിരുന്നുവെന്ന് ചില പണ്ഡിതർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മുസ്‌ലിംസമൂഹത്തിൽ പലതരത്തിലുള്ള ഭിന്നതകളും പക്ഷപാതിത്വങ്ങളും ഉടലെടുക്കാൻ തുടങ്ങിയതോടെയാണ് വ്യാജഹദീസുകളും പ്രചരിക്കാൻ തുടങ്ങിയതെന്ന കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരാണ്. അങ്ങനെവരുമ്പോൾ, ഹിജ്റ നാൽപ്പതാമാണ്ടിനുമുമ്പുതന്നെ ഈ പ്രവണത കാണപ്പെട്ടിരുന്നുവെന്ന നിഗമനമാണ് കൂടുതൽ സൂക്ഷ്മം.**

(دار الغرب) എന്നു വിളിക്കാറുണ്ടായിരുന്നുവത്രെ.

### പ്രേരണകൾ

പ്രവാചകന്റെ രണ്ടും മൂന്നും ഉത്തരാധികാരികളായിരുന്ന ഉസ്മാന്റെയും അലിയുടെയും ഭരണകാലത്തായിരുന്നു രാഷ്ട്രീയഭിന്നതകൾ രൂക്ഷമായത്. ഈ രാഷ്ട്രീയഭിന്നതകൾ തന്നെയായിരുന്നു വ്യാജ ഹദീസുകളുടെ പിറവിക്ക് പ്രഥമനിമിത്തമായി വർത്തിച്ചത്. പിന്നീട് മറ്റുപല കാരണങ്ങളാലും വ്യാജഹദീസുകൾ നിർമിക്കപ്പെടുകയുണ്ടായി.

**1) രാഷ്ട്രീയഭിന്നതകൾ**

അക്കാലത്തെ രാഷ്ട്രീയസംഘങ്ങളെല്ലാം കൂടിയതോ കുറഞ്ഞതോ ആയ തോതിൽ പ്രവാചകന്റെ പേരിൽ കള്ളം പ്രചരിപ്പിക്കാറുണ്ടായിരുന്നു. കൂട്ടത്തിൽ ഏറ്റവും മുമ്പിൽ റാഫിദികളായിരുന്നു. റാഫിദികളെ സംബന്ധിച്ച ഒരു ചോദ്യത്തിന്

ഇമാം മാലിക് ഇങ്ങനെ മറുപടി പറഞ്ഞു: *നീ അവരോട് സംസാരിക്കാനോ അവർ പറയുന്നത് നിവേദനം ചെയ്യാനോ പോകരുത്. കാരണം, അവർ വല്ലാതെ കള്ളം പറയാറുണ്ട്.*

ശുറൈകു ബ്നുഅബ്ദില്ലാഹിൽ ഖാദി പറയുന്നു: *റാഫിദികളൊഴിച്ച് ആര് പറയുന്ന ഹദീസും നിനക്ക് നിവേദനം ചെയ്യാം. കാരണം, റാഫിദികൾ സ്വന്തംനിലയ്ക്ക് ഹദീസുകൾ നിർമിക്കുകയും അതിനെ തങ്ങളുടെ ദീനായി സ്വീകരിക്കുകയും ചെയ്യാറുണ്ട്.*

ഹമ്മാദു ബ്നു സലമഃ പറയുന്നു: *റാഫിദികളിൽപ്പെട്ട ഒരു ശൈഖ് എന്നോട് പറഞ്ഞു: ഞങ്ങൾ ഒരുമിച്ചുകൂടി സംസാരിക്കവെ, ഒരു കാര്യം നല്ലതാണെന്ന നിഗമനത്തിലെത്തിയാൽ അതിനെ ഞങ്ങൾ ഹദീസാക്കി മാറ്റുന്നു.*

*റാഫിദികളെപ്പോലെ കള്ളസാക്ഷി പറയുന്ന സ്വാർഥംഭരികളെ ഞാനെവിടെയും കണ്ടിട്ടില്ലെന്ന്* ഇമാം ശാഫിഈ ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി.

റാഫിദികൾ പ്രചരിപ്പിച്ച ചില വ്യാജ ഹദീസുകൾ:

1) ഹജ്ജതുൽ വദാഅ് കഴിഞ്ഞു മടങ്ങുന്ന വേളയിൽ ഗദീറുഖം എന്ന സ്ഥലത്ത് എത്തിയ നബി(സ) അലിയുടെ കയ്യിൽ പിടിച്ച്, സഹയാത്രികരായ അനുചരന്മാരുടെയെല്ലാം മുഖദാവിൽ ഇങ്ങനെ മൊഴിഞ്ഞു: എന്റെ അനന്തരാവകാശിയും സഹോദരനും എനിക്കു ശേഷമുള്ള ഖലീഫയുമാണ് ഈ മാന്യദേഹം. അതിനാൽ, അലി പറയുന്നത് നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യണം.

2) ആദമിന്റെ ജ്ഞാനവും നൂഹിന്റെ ഭക്തിയും ഇബ്റാഹീമിന്റെ വിവേകവും മൂസയുടെ ഗാംഭീര്യവും ഈസായുടെ അനുഷ്ഠാനനിഷ്ഠയും സമ്മേളിച്ച ഒരാളെ കാണാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ അലിയെ നോക്കിയാൽ മതി.

3) ഞാൻ ജ്ഞാനത്തിന്റെ ത്രാസാകുന്നു. അലിയാണതിന്റെ രണ്ടു തട്ടുകൾ. ഹസനും ഹുസൈനുമാണതിന്റെ ചരടുകൾ. ഫാത്വിമയാണതിന്റെ കൊളുത്ത്. നമ്മിലെ ഇമാമുകളാണതിന്റെ തണ്ട്. നമ്മെ സ്നേഹിക്കുന്നവരുടെയും ദ്വേഷിക്കുന്നവരുടെയും കർമങ്ങൾ ആ ത്രാസിലാണ് തോലനം ചെയ്യപ്പെടുക.

4) അലിയോടുള്ള സ്നേഹം ഒരു നന്മയാണ്. അതുണ്ടായിരിക്കെ ഒരു തിന്മയും ദോഷകരമായിരിക്കില്ല. അലിയോടുള്ള വിദ്വേഷം ഒരു തിന്മയാണ്. അതുണ്ടായിരിക്കെ, ഒരു നന്മയും ഗുണകരമായിരിക്കില്ല.

അലിയുടെയും അഹ്‌ലുബയ്ത്തിന്റെയും പേരിൽ ഇല്ലാത്ത മഹത്വങ്ങൾ കെട്ടിവെക്കുന്ന, ഇത്തരം ലക്ഷക്കണക്കിന് ഹദീസുകൾ പ്രചരിപ്പിച്ചതുപോലെ നബി സഹചരന്മാരെ അപകീർത്തിപ്പെടുത്തുന്ന ധാരാളം വ്യാജ ഹദീസുകളും റാഫിദികൾ പ്രചരിപ്പിച്ചിരുന്നു:

1) എന്റെ പ്രസംഗപീഠത്തിൽ മുആവിയയെ നിങ്ങൾ കണ്ടാൽ ഉടനെത്തന്നെ അയാളെ വധിച്ചേക്കുക.

2) അല്ലാഹുവേ, മുആവിയയെയും അംറുബ്നുൽ ആസിനെയും കുഴപ്പങ്ങളിൽ സദാ കെട്ടിയിടുകയും നരകത്തിലേക്ക് അവരെ തള്ളി വിടുകയും ചെയ്യേണമേയെന്ന് തിരുമേനി പ്രാർഥിക്കാറുണ്ടായിരുന്നു.



വ്യാജ ഹദീസുകൾ നിരങ്കുശം പ്രചരിപ്പിച്ച റാഫിദികളെ പ്രതിരോധിക്കാൻ ഭോഷന്മാരായ ചില സുന്നികൾ വ്യാജ ഹദീസുകളെത്തന്നെ അവലംബിച്ചുവെന്നത് അങ്ങേയറ്റം നിർഭാഗ്യകരമായിരുന്നു. അവർ പ്രചരിപ്പിച്ച ചില വ്യാജഹദീസുകൾ:

1) സ്വർഗത്തിലുള്ള ഓരോ വൃക്ഷത്തിന്റെയും മുഴുവൻ ഇലകളിലും ഇങ്ങനെ രേഖപ്പെട്ടു കിടക്കുന്നുണ്ടാകും: ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാഹ്, അബൂബക്ർ, ഉമറുൽഫാറൂഖ്, ഉസ്മാൻ ദുന്നൂറയ്ൻ.

2) വിശ്വസ്തർ മൂന്നു പേരാണ്. ഞാനും ജിബ്‌രീലും മുആവിയയും.

3) അല്ലയോ മുആവിയാ, നീ എന്നിൽ നിന്നും ഞാൻ നിന്നിൽനിന്നും ഉരുവപ്പെട്ടതാണ്.

4) സ്വർഗത്തിൽ മുആവിയയെ കാണാതെ ഞാൻ വ്യാകുലപ്പെട്ടിരിക്കെ, കുറേ നേരത്തിനു ശേഷം മുആവിയ അവിടെയെത്തും. അപ്പോൾ ഞാൻ ചോദിക്കും: നീ എവിടെയായിരുന്നു? മുആവിയ ഇങ്ങനെ പ്രതിവചിക്കും: എന്റെ നാഥന്റെ സമക്ഷത്തിങ്കൽനിന്ന് രഹസ്യ സംഭാഷണം കഴിഞ്ഞുവരുന്നു. അപ്പോൾ തിരുമേനി പറയും: ഇഹലോകത്തുവെച്ച് നിന്റെ അഭി

**നിവേദകപരമ്പരയും മൂലവാക്യവും അപഗ്രഥിച്ച് യഥാർഥഹദീസിൽനിന്ന് വ്യാജനെ വേർതിരിക്കാൻ കണ്ടെടുത്ത ഈ മാനദണ്ഡങ്ങൾക്കുപുറമെ തങ്ങളുടെ ആസ്വാദനശേഷിയെയും ഹദീസ്‌വിശാരദർ ഹദീസുകളെ വിവേചിക്കാൻ അവലംബിച്ചിരുന്നു. മേൽപറഞ്ഞ മാനദണ്ഡങ്ങൾ പ്രയോഗിച്ചുനോക്കാതെ, കേൾക്കുന്ന മാത്രയിൽതന്നെ ചില ഹദീസുകളെ അവർ വ്യാജമെന്നു വിധിച്ചിരുന്നു. ഖുർആൻസൂക്തങ്ങളും സ്വഹീഹായ ഹദീസുകളും ഏതൊരു സത്യവിശ്വാസിയുടെയും അന്തരംഗത്ത് സൃഷ്ടിക്കുന്ന ഇസ്‌ലാമികമൂശയിലാണവർ ആ ഹദീസുകളെ മാപനം ചെയ്തത്. വ്യാജഹദീസ് കേൾക്കുന്നതുതന്നെ സത്യവിശ്വാസിയുടെ മനസ്സാക്ഷിക്ക് അസുഖകരമായ അനുഭവമാണെന്നും അതു കേൾക്കുന്നതോടെ അയാളുടെ അന്തരംഗം അസ്വസ്ഥപൂർണമാകുമെന്നും ഇബ്നുൽജൗസി പറഞ്ഞിട്ടുണ്ട്.**

മാനത്തിനേറ്റ ക്ഷതത്തിനുള്ള പ്രതിഫലമാണത്.

അബ്ബാസികളുടെ പക്ഷം ചേർന്ന വിഭാഗവും വ്യാജ ഹദീസുകൾ പ്രചരിപ്പിക്കുന്നതിൽ പിശുക്കു കാണിച്ചില്ല.

1) അബ്ബാസ് എന്റെ പിൻമുറക്കാരനും അനന്തരാവകാശിയുമാണ്.

2) വർഷം നൂറ്റിമുപ്പത്തിയഞ്ചായാൽ അത് നിനക്കും നിന്റെ സന്തതികൾക്കുമുള്ളതാണ്; സഫ്ഫാഹ്, മൻസ്വൂർ, മഹ്ദി എന്നിവർക്ക്.

**2) സിൻദീഖുകൾ**

ഇസ്‌ലാമിനെ ദീനെന്ന നിലയ്ക്കും രാഷ്ട്രമെന്ന നിലയ്ക്കും അവജ്ഞയോടെ വീക്ഷിക്കുന്നവർ എന്നതാണ് സിൻദീഖുകൾ എന്ന പദത്തിന്റെ വിശാലമായ വിവക്ഷ. ഇസ്‌ലാമിന്റെ തായ്‌വേരറുക്കാൻ ഏതു ദുഷ്ടമാർഗവും അവലംബിക്കാൻ അവർ ഉത്സുകരായിരുന്നു. ജനങ്ങൾ സംഘംസംഘമായി ഇസ്‌ലാമിലേക്ക് പ്രവഹിക്കുന്നത് കണ്ട സിൻദീഖുകൾക്ക് അത് അസഹ്യമായി അനുഭവപ്പെട്ടത് സ്വാഭാവികം മാത്രം. അതിനാൽ, ഇസ്‌ലാമികാദർശം, സദാചാരം, വിധിവിലക്കുകൾ, വൈദ്യം എന്നിക്കാര്യങ്ങളിൽ ജനമനസ്സുകളിൽ ആശയക്കുഴപ്പമുണ്ടാക്കുന്നതിനാണ് സിൻദീഖുകൾ വ്യാജ ഹദീസുകളെ മുഖ്യമായും ഉപയോഗപ്പെടുത്തിയത്. ജനങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള നൂറ് ഹദീസുകൾ തന്റെ കൃതിപ്പാണെന്ന് ഒരു സിൻദീഖ് അബ്ബാസി ഖലീഫയായ മഹ്ദിയുടെ സമക്ഷത്തിൽ ഏറ്റുപറഞ്ഞതായി ചരിത്രകൃതികളിൽ കാണാം. ഹലാലിനെ ഹറാമാക്കുകയും ഹറാമിനെ ഹലാലാക്കുകയും ചെയ്യുന്ന നാലായിരം ഹദീസുകൾ താൻ നിർമിച്ചിട്ടുണ്ടെന്ന് അബ്ദുൽകരീം ബ്നു അബിൽ ഔജാഅ് സമ്മതിച്ചത് വധശിക്ഷ നടപ്പാക്കാനായി ഹാജരാക്കിയ സന്ദർഭത്തിലായിരുന്നു. സിൻദീഖുകളുടെ ഈ കുടിലതന്ത്രങ്ങൾ നന്നായി തിരിച്ചറിഞ്ഞവരായിരുന്നു അബ്ബാസി ഖലീഫമാർ, വിശിഷ്യ - ഖലീഫ മഹ്ദി. സിൻദീഖുകൾക്ക് ശക്തി പകരുന്നവരെയെല്ലാം കൈകാര്യം ചെയ്യാനായി പ്രത്യേക വകുപ്പുതന്നെ അദ്ദേഹം സൃഷ്ടിച്ചു.

സിൻദീഖുകളിലെ പ്രമുഖ വ്യാജ ഹദീസ് നിർമാതാക്കൾ ഇവരായിരുന്നു: 1) അബ്ദുൽ കരീമുബ്നു അബിൽ ഔജാഅ് -ബസ്വറയിലെ ഗവർണറായിരുന്ന മുഹമ്മദുബ്നു സുലൈമാനിബ്നി അലി ഇയാളെ വധിച്ചു. 2) ബയാനു ബ്നു സംആനിൽ മഹ്ദി -ഖാലിദു ബ്നു അബ്ദില്ലാഹിൽ ഖസ്‌രി ഇയാളെ വാളിനിരയാക്കി. 3) മുഹമ്മദു ബ്നു സഈദിൽ മസ്‌ലൂബ് -അബൂ ജഅ്ഫരിൽ മൻസ്വൂർ ഇയാളെ കുരിശിലേറ്റി.

സിൻദീഖുകൾ നിർമിച്ച ഹദീസുകളിൽ ചിലത്:

1) അറഫാദിനത്തിൽ പ്രദോഷസമയത്ത് നമ്മുടെ നാഥൻ ചാരവർണ്ണത്തിലുള്ള ഒട്ടകപ്പുറത്തേറി ഭൂമിയിലിറങ്ങുകയും വാഹനയാത്രക്കാരെ ഹസ്തദാനം ചെയ്യുകയും കാൽനടയാത്രക്കാരെ ആശ്ലേഷിക്കുകയും ചെയ്യും.

2) അല്ലാഹു മാലാഖമാരെ സൃഷ്ടിച്ചത് തന്റെ മുഴങ്കൈയിലെയും മാറിലെയും രോമങ്ങളിൽനിന്നാണ്.

3) ഒരുവിധ മറയുമില്ലാതെ എന്റെ നാഥനെ ഞാൻ ദർശിച്ചു. മുത്തുപതിച്ച കിരീടമടക്കം എല്ലാം ഞാൻ കണ്ടു.

4) അല്ലാഹുവിന്റെ കണ്ണുകൾക്ക് അസുഖം ബാധിച്ചപ്പോൾ മാലാഖമാർ അവനെ സന്ദർശിച്ചു.

5) അല്ലാഹു അക്ഷരങ്ങളെ സൃഷ്ടിച്ചപ്പോൾ ബാഅ് സാഷ്ടാംഗം നമിച്ചു. അലിഫ് നിവർന്നുനിന്നു.

6) വഴുതനങ്ങ സർവ്വരോഗങ്ങൾക്കുമുള്ള സിദ്ധൗഷധമാണ്.

**3) പക്ഷപാതിത്വം**

ഭാഷ, ഗോത്രം, വർഗം, ദേശം, ഇമാം എന്നിവയുടെ പക്ഷംപിടിച്ച വിവിധ വിഭാഗങ്ങളും വ്യാജഹദീസുകൾ എഴുന്നള്ളിച്ച് തങ്ങളുടെ നിലപാടുകളെ ന്യായമത്കരിക്കാൻ ശ്രമിക്കാറുണ്ടായിരുന്നു. ഇസ്‌ലാമിന്റെ ബാലപാഠമറിയുന്നവർക്കു പോലും പ്രഥമ ദർശനത്തിൽതന്നെ വ്യാജമാണെന്ന് തിരിച്ചറിയുമാറ് ബാലിശമായിരുന്നു ഈ ഹദീസുകളുടെ സന്ദേശങ്ങൾ. അത്തരത്തിലുള്ള ചില വ്യാജ ഹദീസുകൾ:

1) അല്ലാഹു കോപിഷ്ഠനായ വേളയിൽ അറബി ഭാഷയിലും സംതൃപ്തനായ വേളയിൽ ഫാർസി ഭാഷയിലും വഹ്‌യുകൾ അവതരിപ്പിക്കുന്നു.

അറബി ഭാഷയുടെ പക്ഷംചേർന്നവർ ഈ ഹദീസിനെ മറ്റൊരു വ്യാജ ഹദീസുകൊണ്ട് നേരിട്ടു.

അല്ലാഹു കോപിഷ്ഠനായ വേളയിൽ ഫാർസി ഭാഷയിലും സംതൃപ്തനായ വേളയിൽ അറബി ഭാഷയിലും വഹ്‌യുകൾ അവതരിപ്പിക്കുന്നു.

2) ഇമാം അബൂഹനീഫയുടെ പക്ഷം പിടിച്ചവരുടെ ഹദീസ്: എന്റെ സമുദായത്തിൽ അബൂ ഹനീഫതിന്നുഅ്മാൻ എന്നൊരാൾ പിറക്കും. അദ്ദേഹം എന്റെ സമുദായത്തിന്റെ വിളക്കായിരിക്കും

3) ഇമാം ശാഫിഈയുടെ വൈരികളുടെ ഒരു ഹദീസ്: എന്റെ സമുദായത്തിൽ മുഹമ്മദുബ്നു ഇദ്‌രീസ് എന്ന പേരിലൊരാളുണ്ടാകും. അയാൾ എന്റെ സമുദായത്തിന് ഇബ്‌ലീസിനേക്കാൾ അപകടകാരിയായിരിക്കും.

4)സ്വർഗത്തിലെ നാലു നഗരങ്ങൾ ഈ ലോകത്തുണ്ട്: മക്കഃ, മദീനഃ, ബയ്തുൽ മഖ്ദിസ്, ഡമസ്കസ്.

**4) കാഥികരും സാരോപദേശ കഥകളും**

ദൈവഭയമില്ലാത്ത കാഥികരാണ് ജനങ്ങളെ ഉപദേശിക്കുന്ന ജോലി പലപ്പോഴും ഏറ്റെടുത്തിരുന്നത്. കൽപ്പിത കഥകളിൽ അഭിരമിക്കുന്ന കാഥികർക്ക് മടിശ്ശീല നിറയെ സമ്മാനങ്ങൾ നൽകാൻ പൊതുജനങ്ങളും മുതലാളിമാരും മത്സരിക്കാൻ തുടങ്ങിയതോടെ, കഥകൾ കെട്ടിയുണ്ടാക്കി അവ നബിയുടെ പേരിൽ ചാർത്തുന്നതിൽ കാഥികർ ഒട്ടും അമാന്തം കാണിക്കാതെയായി. സദുദ്ദേശ്യത്തോടെയാണ് തങ്ങൾ ഇത് ചെയ്യുന്നതെന്ന അവരുടെ സമാശ്വാസം വ്യാജഹദീസുകളുടെ പ്രചാരത്തിന് ആക്കം വർധിപ്പിച്ചു. അത്തരത്തിലുള്ള ഒരു കൽപ്പിത ഹദീസ് നോക്കൂ. *ആരെങ്കിലും ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞാൽ അല്ലാഹു അതിലെ ഓരോ പദത്തിൽനിന്നും ഒരോ പക്ഷിയെ സൃഷ്ടിക്കും. അവയുടെ കൊക്ക് കാഞ്ചനത്തിലും തൂവൽ പവിഴത്തിലും തീർത്തതായിരിക്കും.*

ഒരിക്കൽ ഇമാം അഹ്മദ് ബ്നു ഹമ്പലും യഹ്‌യബ്നു മുഈനും റുസ്വാഫഃയിലെ ഒരു മസ്ജിദിൽ നമസ്കാരം കഴിഞ്ഞിരിക്കവെ, ഒരു കാഥികൻ പ്രസംഗിക്കാനായി എഴുന്നേറ്റു. എന്നിട്ടിങ്ങനെ പറഞ്ഞു: അഹ്മദുബ്നു ഹമ്പലും യഹ്‌യ ബ്നു മുഈനും എന്നോടു പറഞ്ഞു. അനസിൽ നിന്ന് ഖതാദഃയും ഖതാദഃയിൽനിന്ന് അബ്ദുർറസ്സാഖും നിവേദനം ചെയ്തിരിക്കുന്നു: നബി തിരുമേനി പറഞ്ഞിരിക്കുന്നു: ആരെങ്കിലും *ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞാൽ......* എന്നു തുടങ്ങുന്ന മേൽപ്പറഞ്ഞ വ്യാജഹദീസ് ഉദ്ധരിച്ചു. അങ്ങനെ സംസാരം ദീർഘിച്ചു. ഇമാം അഹ്മദ്, യഹ്‌യയെ നോക്കാൻ തുടങ്ങി; യഹ്‌യ അഹ്മദിനെയും. അവർ പരസ്പരം ചോദിച്ചു: താങ്കൾ ഇങ്ങനെയൊരു ഹദീസ് നിവേദനം ചെയ്തിട്ടുണ്ടോ? താനിത് ഈ നിമിഷമാണ് ആദ്യമായി കേൾക്കുന്നത് എന്നായിരുന്നു രണ്ടുപേരുടെയും മറുപടി. അങ്ങനെ, പ്രസംഗം തീർന്നപ്പോൾ അയാളോട് വരാൻ യഹ്‌യ ആംഗ്യം കാണിച്ചു. എന്തോ സംഭാവന നൽകാനായിരിക്കുമെന്ന് കരുതി അയാൾ ധൃതിയിൽ യഹ്‌യയെ സമീപിച്ചു. യഹ്‌യ ചോദിച്ചു: നിന്നോടാരാണ് ഈ ഹദീസ് പറഞ്ഞത്? അയാൾ: അഹ്മദ് ബ്നു ഹമ്പലും യഹ്‌യ ബ്നു മുഈനും. അപ്പോൾ യഹ്‌യ പറഞ്ഞു: ഞാനാണ് യഹ്‌യ ബ്നു മുഈൻ, ഇത് അഹ്മദ് ബ്നു ഹമ്പലും. തിരുദൂതരുടെ ഹദീസുകളിൽ ഇങ്ങനെയൊന്ന് ഞാനിതുവരെ കണ്ടിട്ടില്ല. ഇങ്ങനെയൊരു ഹദീസ് ഉണ്ടെങ്കിൽതന്നെ അത് മറ്റാരെങ്കിലും നിവേ

ദനം ചെയ്തതായിരിക്കും. അപ്പോൾ കാഥികന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: യഹ്‌യ ബ്നു മുഈൻ ഒരു വിഡ്ഢിയാണെന്ന് ഞാൻ കേട്ടിരുന്നു. അത് ശരിയാണെന്ന് ഇപ്പോൾ എനിക്ക് ബോധ്യപ്പെട്ടു. യഹ്‌യ: അതെങ്ങനെ? കാഥികൻ: ലോകത്ത് നിങ്ങളല്ലാത്ത യഹ്‌യ ബ്നു മുഈനും അഹ്മദു ഹമ്പലും ഉണ്ടാവില്ലേ? ഞാൻതന്നെ പതിനേഴ് യഹ്‌യ ബ്നു മുഈനിനെയും അഹ്മദു ബ്നു ഹമ്പലിനെയും കുറിച്ച് എഴുതിയിട്ടുണ്ട്.

**5) കർമശാസ്ത്രഭിന്നതകൾ**

വിവിധ കർമശാസ്ത്ര-ദൈവശാസ്ത്ര ചിന്താധാരകളെ പിൻപറ്റിയവർ വ്യാജഹദീസുകൾ നിർമിച്ച് തങ്ങളുടെ പക്ഷത്തെ ശക്തിപ്പെടുത്താൻ ശ്രമിക്കാറുണ്ടായിരുന്നു. അത്തരം പ്രേരണയാൽ നിർമിക്കപ്പെട്ട ചില ഹദീസുകൾ:

1) ആരെങ്കിലും നമസ്കാരത്തിൽ കയ്യുയർത്തിയാൽ അവന്റെ നമസ്കാരം നിഷ്ഫലമായി.

2) ഖുർആൻ സൃഷ്ടിയാണെന്ന് ആരെങ്കിലും വാദിച്ചാൽ അവൻ നിഷേധിയായതു തന്നെ.

3) വാന-ഭുവനങ്ങളിലും അവയ്ക്കിടയിലുമുള്ള സർവ്വവും സൃഷ്ടികളാണ്; അല്ലാഹുവും ഖുർആനുമൊഴികെ. ഖുർആൻ സൃഷ്ടിയാണെന്ന വാദവുമായി എന്റെ സമുദായത്തിലെ ചില വിഭാഗങ്ങൾ രംഗപ്രവേശം ചെയ്യും. അങ്ങനെ വാദിക്കുന്ന നിമിഷം അവർ ദൈവനിഷേധികളും അവരുടെ ഭാര്യമാർ വിവാഹമോചിതകളുമായി മാറുന്നതുമായിരിക്കും.

**6) നന്മേഛുക്കളായ വിവരദോഷികൾ**

ജനങ്ങളെ നന്മയിലേക്കാകർഷിക്കാനും തിന്മയിൽനിന്ന കറ്റാനും പര്യാപ്തമായ ഹദീസുകൾ നിർമിക്കുന്നതിലൂടെ തങ്ങൾ ഇസ്‌ലാമിനെ സേവിക്കുകയാണെന്ന ഭാവത്തിൽ നന്മേഛുക്കളായ ചില വിവരദോഷികളും ഈ ഹീനകൃത്യത്തിന് കൂട്ടുനിൽക്കുകയുണ്ടായി. തങ്ങൾ പ്രവാചകനനുകൂലമായാണ് കളവ് പറയുന്നതെന്നും അല്ലാതെ തിരുമേനിക്കെതിരായല്ലെന്നുംവരെ അവർ പറഞ്ഞു. ഖുർആനിലെ ഓരോ അധ്യായത്തിന്റെയും ശ്രേഷ്ഠതകൾ വിവരിക്കുന്ന വ്യാജഹദീസ് നിർമിച്ച നൂഹ് ബ്നു അബീമർയം അതിന് ന്യായം പറഞ്ഞത്, ജനങ്ങൾ അബൂഹനീഫയുടെ ഫിഖ്ഹിലും ഇബ്നു ഇസ്ഹാഖിന്റെ യുദ്ധവിവരണത്തിലും മുഴുകി ഖുർആനെ അവഗണിച്ചപ്പോൾ അവരെ ഖുർആനിലേക്ക് ആകർഷിക്കാൻവേണ്ടിയാണ് താനത് ചെയ്തത് എന്നാണ്. ജനങ്ങളെ സംസ്കരിക്കുകയെന്ന മഹത്തായ ലക്ഷ്യം സാധ്യമാക്കാൻ വ്യാജഹദീസുകൾ വ്യാപകമായി ഉപയോഗിക്കുന്ന ത്വരീഖത്ത്-തബ്‌ലീഗ് സംഘങ്ങളുടെ പ്രചോദനം ഇതേ ലാഘവബുദ്ധി തന്നെയെന്നുകാണാൻ പ്രയാസമില്ല.

**7) രാജസാമീപ്യം തേടുന്നവർ**

രാജാക്കന്മാരുടെ സാമീപ്യവും അവരെ പ്രീണിപ്പിക്കുന്നതുവഴി ലഭിക്കുന്ന ഭൗതികലാഭങ്ങളും നേടാനായി ചില കപടന്മാർ ഹദീസുകളിൽ മായം കലർത്താറുണ്ടായിരുന്നു. അവർ പറയുന്നത് വ്യാജവചനങ്ങളാണെന്ന് അറിഞ്ഞിട്ടും അവരെ വേണ്ടവിധം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഭരണാധികാരികളും ഫലത്തിൽ വ്യാജഹദീസുകളെ പ്രോത്സാഹിപ്പിക്കുകയായിരുന്നു. പ്രാവിനെ പറത്തി ഉല്ലസിക്കുകയായിരുന്ന ഖലീഫ മഹ്ദിയുടെ സന്നിധിയിലെത്തിയ ഗിയാസു ബ്നു ഇബ്റാഹീം പ്രശസ്തമായ ഒരു പ്രവാചകവചനം ഉദ്ധരിച്ചു: *അമ്പിലും കുളമ്പിലുമല്ലാതെ മത്സരമില്ല.* (അമ്പെയ്ത്തും കുതിരയുടെയോ ഒട്ടകത്തിന്റെയോ ഓട്ടവുമാണ് യഥാർഥ മത്സരങ്ങൾ എന്നു സാരം). എന്നാൽ, മഹ്ദിയെ പ്രീണിപ്പിക്കാനായി ഗിയാസ് *ചിറകിലും* എന്ന് അതിനോട് സ്വന്തംവകയായി ചേർത്തുപറഞ്ഞു. മറ്റൊരിക്കൽ, കള്ളത്തിന് കുപ്രസിദ്ധിയാർജിച്ച അബുൽ ബുഖ്തുരി, ഖലീഫ ഹാറൂൻ റശീദിന്റെ സവിധത്തിൽ ഒരു വ്യാജഹദീസ് ഉദ്ധരിച്ചു. അത് വ്യാജമാണെന്ന് മനസ്സിലാക്കിയ ഖലീഫ ഇങ്ങനെയാണ് പ്രതികരിച്ചത്: എന്നെ വിട്ടുപോ. നിങ്ങൾ ഖുറൈശിയായിരുന്നില്ലെങ്കിൽ ഞാൻ നിങ്ങളെ നാടുകടത്തുമായിരുന്നു.

## തിരിച്ചറിയുന്നതെങ്ങനെ?

നിവേദകപരമ്പരയിലും മൂലവാക്യത്തിലുമുള്ള ചില ലക്ഷണങ്ങൾ നോക്കി വ്യാജ ഹദീസുകളെ തിരിച്ചറിയാം.

**നിവേദകപരമ്പരയിലെ ലക്ഷണങ്ങൾ**

1) നിവേദകൻ അറിയപ്പെട്ട കള്ളനായിരിക്കുകയും വിശ്വസ്തനായ മറ്റൊരു നിവേദകൻ ആ ഹദീസ് നിവേദനം ചെയ്യാതിരിക്കുകയും ചെയ്യുക.

2) നിവേദിത ഹദീസ് തന്റെ സൃഷ്ടിയാണെന്ന് നിവേദകൻതന്നെ സമ്മതിക്കുക.

3) തന്റെ സമകാലികനല്ലാത്ത വ്യക്തിയിൽനിന്നോ, താൻ സന്ധിച്ചിട്ടില്ലാത്ത വ്യക്തിയിൽനിന്നോ ഒരു നിവേദകൻ ഹദീസ് റിപ്പോർട്ട് ചെയ്താൽ അതിനെ വ്യാജഹദീസായി പരിഗണിക്കാൻ മതിയായ കാരണമാണത്. ഹദീസ് കേട്ടതായി നിവേദകൻ അവകാശപ്പെടുന്ന സ്ഥലത്ത് അയാൾ പോയിട്ടേയില്ലെന്ന് തെളിഞ്ഞാലും ആ ഹദീസ് വ്യാജംതന്നെ. ഈ മാനദണ്ഡപ്രകാരം ധാരാളം ഹദീസുകൾ വ്യാജമാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ഒരു സംഭവം:

ഹിശാമു ബ്നു അമ്മാറിൽനിന്നാണ് ഒരു ഹദീസ് താൻ ശ്രവിച്ചതെന്ന് മഅ്മൂനു ബ്നു അഹ്മദിൽ ഹുറവി അവകാശപ്പെട്ടപ്പോൾ ഇബ്നു ഹിബ്ബാൻ ചോദിച്ചു: നിങ്ങളെപ്പോഴാണ് ശാമിൽ പോയത്? മഅ്മൂൻ: ഹി. 250-ാം വർഷം. ഇബ്നു ഹിബ്ബാൻ: നിങ്ങൾ ഹദീസ് ശ്രവിച്ചുവെന്നു പറയുന്ന ഹിശാം ഹി.245-ാം വർഷത്തിൽ മരണപ്പെട്ടിട്ടുണ്ടല്ലോ.

അങ്ങനെ ആ ഹദീസ് നിരാകരിക്കപ്പെട്ടു. ഈ പ്രക്രിയ സുഗമമാകാൻ നിവേദകരുടെ ജനനം, വാസം, യാത്ര, മരണം, ഗുരുക്കൾ തുടങ്ങിയ എല്ലാ വിവരങ്ങളും ചരിത്രകൃതികളിൽ ശേഖരിക്കപ്പെട്ടിട്ടുണ്ട്. സുഫ്‌യാനുസ്സൗരി പറഞ്ഞു: *നിവേദകർ കള്ളം പറയാൻ തുടങ്ങിയപ്പോൾ നമ്മൾ ചരിത്രവുമായി അവരെ നേരിട്ടു.*

4) നിവേദകൻ വികാരാധീനനാകുന്നതും വ്യക്തി താൽപര്യങ്ങൾക്കടിപ്പെടുന്നതും വ്യാജ ഹദീസുകളുടെ പിറവിക്ക് നിമിത്തമാകാം. അത്തരം വ്യാജഹദീസുകൾ റിപ്പോർട്ടു ചെയ്യുന്നത് ഏത് സാഹചര്യത്തിലാണെന്ന് പരിശോധിച്ചാണ് അവയുടെ അവാസ്തവികത തെളിയിക്കപ്പെടുക. സയ്ഫുബ്നു ഉമരിത്തമീമിയിൽനിന്ന് ഹാകിം റിപ്പോർട്ടു ചെയ്യുന്നു: ഞങ്ങൾ സഅ്ദുബ്നു ത്വരീഫിന്റെ സന്നിധിയിലിരിക്കെ അദ്ദേഹത്തിന്റെ പുത്രൻ പള്ളിക്കൂടത്തിൽനിന്ന് കരഞ്ഞുകൊണ്ടു വന്നുകേറി. കാരണമെന്തെന്നാരാഞ്ഞപ്പോൾ അധ്യാപകൻ തല്ലിയതാണെന്ന് അവൻ മറുപടി പറഞ്ഞു. ഉടനെ വികാരാധീനനായി സഅ്ദ് പറഞ്ഞു: ഞാൻ ഇന്നവരെ മാനംകെടുത്തും. ഇബ്നു അബ്ബാസിൽനിന്ന് ഇക്‌രിമഃ ഇങ്ങനെ നിവേദനം ചെയ്തത് ഞാൻ കേട്ടിട്ടുണ്ട്: *നിങ്ങളിലെ ഏറ്റവും നീചരാണ് നിങ്ങളുടെ കുട്ടികളുടെ അധ്യാപകർ. അനാഥകളോട് ദയാരഹിതമായും അഗതികളോട് പരുഷമായും പെരുമാറുന്നവരാണവർ.*

## മൂലവാക്യത്തിലെ ലക്ഷണങ്ങൾ

**1) ബലഹീനപദങ്ങൾ**: ഏറ്റവും അർഥസമ്പുഷ്ടമായ പദങ്ങൾ അതീവ കലാചാതുരിയോടെ പ്രയോഗിച്ചിരുന്ന പ്രവാചകതിരുമേനിയുടെ തിരുവായിൽനിന്ന് ആശയദരിദ്രമായ പ്രയോഗങ്ങൾ പുറത്തുവന്നതായി ഏതെങ്കിലും ഹദീസിൽ ദൃശ്യമായാൽ അത് വ്യാജമാണെന്നതിന് മറ്റു തെളിവുകൾ അന്വേഷിച്ചു പോകേണ്ടതില്ല. ഇമാം ബൽഖീനി ഈ ന്യായത്തിന് ഉപോൽബലകമായി പറയുന്നതു കാണുക: ഒരു വ്യക്തിക്ക് ദീർഘകാലം സേവനം ചെയ്ത പരിചാരകനെ സംബന്ധിച്ചേടത്തോളം അയാ

**ഹദീസിനെ വികലമാക്കാനും അതിൽ മായം ചേർക്കാനും ഇസ്ലാമിന്റെ ശത്രുക്കൾ നടത്തിയ ശ്രമങ്ങൾ ഹദീസിനു ചുറ്റും അതിശക്തമായ പ്രതിരോധദുർഗം തീർക്കാൻ മുസ്ലിംകൾക്ക് അവസരമൊരുക്കി. സുന്നത്ത് ക്രോഡീകരിക്കപ്പെട്ടതും ഹദീസ്സാങ്കേതികശാസ്ത്രം, നിവേദകാപഗ്രഥനവിജ്ഞാനം, ഹദീസ്വിജ്ഞാനീയം തുടങ്ങിയ വിജ്ഞാന ശാഖകൾ കണ്ടെടുക്കപ്പെട്ടതും ഈ പ്രതിരോധ യത്നങ്ങളുടെ ഗുണഫലങ്ങളാണ്.**

ളുടെ ഇഷ്ടാനിഷ്ടങ്ങൾ ചിരപരിചിതമാവുക സ്വാഭാവികമാണ്. അങ്ങനെയിരിക്കെ, അയാൾക്ക് ഒരു വസ്തു വെറുപ്പായിരുന്നെന്ന് ആരെങ്കിലും അസത്യമായി വാദിച്ചാൽ അത് കേൾക്കുന്ന മാത്രയിൽതന്നെ ആ വാദം പൊള്ളയാണെന്ന് ആ പരിചാരകന്ന് മനസ്സിലാകും. ഇതു പോലെയാണ് ആശയദരിദ്രമായ പദങ്ങൾ പ്രയോഗിക്കപ്പെടുന്ന ഹദീസുകളുടെ കാര്യവും.

**2) അയഥാർഥമായ ആശയങ്ങൾ**: ഒരു നിലക്കും വ്യാഖ്യാനിച്ചൊപ്പിക്കാൻ വയ്യാത്ത വിധം അയഥാർഥമായ ആശയങ്ങളുൾക്കൊള്ളുന്ന ഹദീസുകളും വ്യാജഹദീസുകളുടെ ഗണത്തിലുൾപ്പെടുന്നു. *നൂഹ് നബിയുടെ കപ്പൽ കഅ്ബയെ ഏഴുപ്രാവശ്യം പ്രദക്ഷിണം ചെയ്തെന്നും മഖാമു ഇബ്റാഹീമിന്റെ അടുക്കൽ രണ്ടു റക്അത്ത് നമസ്കരിച്ചെന്നുമു*ള്ള ഹദീസ് പ്രകടമായ യുക്തിരാഹിത്യം നിമിത്തം വ്യാജഹദീസായി എണ്ണപ്പെട്ട ഒന്നാണ്.

**3) ഖുർആനോട് വൈരുദ്ധ്യം**

ഖുർആന്നും സർവാംഗീകൃത(മുതവാതിർ) പ്രവാചകവചനങ്ങൾക്കും വിരുദ്ധമായി വരുന്നവയും വ്യാജങ്ങളായി ഗണിക്കപ്പെടുന്നു. ചില ഉദാഹരണങ്ങൾ:

1) *ജാരസന്താനം ഏഴു പിൻതലമുറവരെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല* എന്ന വ്യാജവചനം, *ഒരാളും മറ്റൊരാളുടെ പാപഭാരം പേറേണ്ടി വരില്ല* എന്ന ഖുർആനികസൂക്തത്തിന് കടകവിരുദ്ധമാണ്.

2) *യാഥാർഥ്യനിഷ്ഠമായ ഒരു ഹദീസ് എന്നിൽനിന്ന് നിങ്ങൾക്ക് വന്നുകിട്ടിയാൽ നിങ്ങളതു സ്വീകരിക്കുക; ഞാനങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും* എന്ന ഹദീസ്, *എന്റെമേൽ കള്ളമാരോപിക്കുന്നവൻ നരകത്തിൽ തന്റെ സ്ഥാനം തീർച്ചപ്പെടുത്തിക്കൊള്ളട്ടെ*യെന്ന മുതവാതിറായ ഹദീസിന് വിരുദ്ധമാണ്.

3) *ആരെങ്കിലും തന്റെ സന്താനത്തിന് മുഹമ്മദ് എന്ന് പേരു വിളിച്ചാൽ അവർ രണ്ടുപേരും സ്വർഗത്തിലാണ്.*

*മുഹമ്മദ് എന്നോ അഹ്മദ് എന്നോ പേരുള്ള ഒരാളെയും നരകത്തിൽ പ്രവേശിപ്പിക്കുകയില്ലെന്ന് അല്ലാഹുതന്നെ ആണയിട്ട് തീർച്ചപ്പെടുത്തിയിരിക്കുന്നു*- ഈ രണ്ട് വചനങ്ങളും, പാരത്രികവിജയം കർമങ്ങളെ ആസ്പദിച്ചാണെന്നും വിളിപ്പേരുകൾക്കോ നാമധേയങ്ങൾക്കോ അതിൽ യാതൊരു പങ്കുമില്ലെന്നും സ്ഥാപിക്കുന്ന ഖുർആനെയും സുന്നത്തിനെയും പരിഹസിക്കുകയാണ്.

**4) പ്രസിദ്ധമായ ചരിത്രസാഹചര്യങ്ങളോട് വൈരുദ്ധ്യം**

നബി തിരുമേനി ഖൈബറുകാർക്ക് ജിസ്യഃ ചുമത്തിയെന്നും സഅ്ദുബ്നു മുആദിന്റെ രക്തസാക്ഷ്യത്തോടെ അവരെ ഞെരുക്കിയിരുന്ന നിയമങ്ങൾ എടുത്തുകളഞ്ഞെന്നും അന്ന് മുആവിയഃ നബിയുടെ വഹ്യെഴുത്തുകാരനായിരുന്നുവെന്നും പറയുന്ന ഹദീസ് ഉദാഹരണം. ഖൈബർയുദ്ധം നടന്ന വർഷം ജിസ്യഃ നിയമവിധേയമായിരുന്നില്ലെന്നും ജിസ്യാസൂക്തം തബൂക് യുദ്ധം നടന്ന വർഷമാണ് അവതരിച്ചതെന്നും ചരിത്രത്തിൽ സ്ഥിരപ്പെട്ട സംഗതിയാണ്. സഅ്ദുബ്നു മുആദ് അതിന്റെ മുമ്പ് നടന്ന ഖൻദഖ്യുദ്ധത്തിൽതന്നെ രക്തസാക്ഷ്യം വരിച്ചിരുന്നുവെന്നതും മുആവിയഃ മക്കാവിജയവേളയിലാണ് ഇസ്ലാമാശ്ലേഷിച്ചതെന്നതും അതുപോലെയുള്ള ചരിത്രവസ്തുതകളാണ്.

**5) നിവേദകന്റെ മദ്ഹബിനോടുള്ള യോജിപ്പ്**

ഒരു റാഫിദി പ്രവാചകകുടുംബത്തിന്റെ മഹിമ വിളംബരം ചെയ്യുന്ന ഹദീസോ, ഒരു മുർജിഅ് തന്റെ ചിന്താധാരയെ ശക്തിപ്പെടുത്താൻ ഉതകുന്ന ഹദീസോ നിവേദനം ചെയ്താൽ അതിന്റെ സാധുത ചോദ്യം ചെയ്യപ്പെടും. ഇതു പോലെത്തന്നെയാണ് ഇതര ചിന്താധാരകളുടെ കാര്യവും.

**6) ധാരാളം പേർ നിവേദനം ചെയ്യാൻ സാധ്യതയുള്ള ഒരു ഹദീസ് ഒരാൾ മാത്രം നിവേദനം ചെയ്യുക.**

എന്നുവെച്ചാൽ, ഒരു സംഭവം നടക്കുന്നത് ജനമധ്യത്തിലാവുകയും അതിന്റെ നിവേദകൻ ഒരാൾ മാത്രമാവുകയും ചെയ്യുക. തിരുമേനി പറഞ്ഞത് ധാരാളം അനുചരന്മാരുടെ സാന്നിദ്ധ്യത്തിലാണെന്ന് ഹദീസിൽ സൂചനയുണ്ടാവും. എന്നാൽ, പ്രസ്തുത സംഭവം ഒരു നിവേദകൻ മാത്രമേ റിപ്പോർട്ട് ചെയ്തിരിക്കയുള്ളൂ.

**7) അതീവ ലളിതമായ ഒരു കർമത്തിന് വൻപ്രതിഫലം, അങ്ങേയറ്റം നിസ്സാരമായ തെറ്റിന് വലിയ ശിക്ഷ:**

ഇത്തരം ഹദീസുകളും വ്യാജമാണെന്ന് അവ സ്വയം സാക്ഷ്യപ്പെടുത്തുന്നു. ജനഹൃദയങ്ങൾ നിർമലമാക്കുകയും അവരെ അത്ഭുതപരതന്ത്രരാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കാഥികരാണ് ഇത്തരം കൽപിതഹദീസുകൾക്ക് പ്രചാരം നൽകിയത്.

നിവേദകപരമ്പരയും മൂലവാക്യവും അപഗ്രഥിച്ച് യഥാർഥഹദീസിൽനിന്ന് വ്യാജനെ വേർതിരിക്കാൻ കണ്ടെടുത്ത ഈ മാനദണ്ഡങ്ങൾക്കുപുറമെ തങ്ങളുടെ ആസ്വാദനശേഷിയെയും ഹദീസ്വിശാരദർ ഹദീസുകളെ വിവേചിക്കാൻ അവലംബിച്ചിരുന്നു. മേൽപറഞ്ഞ മാനദണ്ഡങ്ങൾ പ്രയോഗിച്ചുനോക്കാതെ, കേൾക്കുന്ന മാത്രയിൽതന്നെ ചില ഹദീസുകളെ അവർ വ്യാജമെന്നു വിധിച്ചിരുന്നു. ഖുർആൻസൂക്തങ്ങളും സ്വഹീഹായ ഹദീസുകളും ഏതൊരു സത്യവിശ്വാസിയുടെയും അന്തരംഗത്ത് സൃഷ്ടിക്കുന്ന ഇസ്ലാമിക മൂശയിലാണവർ ആ ഹദീസുകളെ മാപനം ചെയ്തത്. വ്യാജഹദീസ് കേൾക്കുന്നതുതന്നെ സത്യവിശ്വാസിയുടെ മനസ്സാക്ഷിക്ക് അസുഖകരമായ അനുഭവമാണെന്നും അതു കേൾക്കുന്നതോടെ അയാളുടെ അന്തരംഗം അസ്വസ്ഥപൂർണമാകുമെന്നും ഇബ്നുൽജൗസി പറഞ്ഞിട്ടുണ്ട്. യഥാർഥ ഹദീസ് അനുവാചകന്ന് വെളിച്ചം പകരുമ്പോൾ വ്യാജഹദീസുകൾ ഇരുട്ടാണ് പകർന്നു നൽകുന്നതെന്ന രൂപത്തിലുള്ള പരാമർശങ്ങൾ ഹദീസ്പണ്ഡിതർ നടത്തിയതായി കാണാം.

## പ്രതിരോധ ശ്രമങ്ങൾ

യഥാർഥ പ്രവാചകവചനങ്ങളിൽനിന്ന് കപോല കൽപ്പിത ഹദീസുകളെ വിവേചിക്കാനും മേലിൽ വ്യാജഹദീസുകൾ കടന്നുവരാതിരിക്കാനും നമ്മുടെ പൂർവസൂരികളായ പണ്ഡിതന്മാർ നടത്തിയ യത്നങ്ങളും അതിനായി അവർ സഞ്ചരിച്ച വഴി

കളും വിശകലനവിധേയമാക്കുമ്പോൾ അവരോടുള്ള ബഹുമാനത്താൽ നമ്ര ശിരസ്കരാവാതിരിക്കാൻ നമുക്കാവില്ല. വാർത്തകളും റിപ്പോർട്ടുകളും സ്വീക രിക്കുമ്പോൾ പാലിക്കേണ്ട തത്ത്വങ്ങളും മാനദണ്ഡങ്ങളും ഭൂമുഖത്താദ്യമായി ആവിഷ്കരിച്ചത് അവരായിരുന്നു.

പൊതുവെ നാലുവിഭാഗം ആളുകൾ ഉദ്ധരിക്കുന്ന ഹദീസുകൾ അസ്വീ കാര്യമാണെന്ന് ഹദീസ്പണ്ഡിതന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരി ക്കുന്നു. പ്രവാചകതിരുമേനിയെ സംബന്ധിച്ച് കള്ളം പറയുന്നവർ, സാധാ രണ സംസാരങ്ങളിൽ അസത്യം പറയാറുള്ള വ്യക്തികൾ, സ്വേഛാപ്രമ ത്തരും ബിദ്അത്തുകളുടെ പ്രചാരകരുമായ വ്യക്തികൾ, സിൻദീഖുകളും അധർമികളും എന്നിവരാണവർ. ഇമാം മാലിക് പറയുന്നു: നാലു വിഭാഗം ആളുകളിൽനിന്ന് വിജ്ഞാനം സ്വീകരിക്കരുത്. 1) സ്വന്തം ഭോഷ്ക് വിളം ബരം ചെയ്യുന്നവൻ. 2) നബി തിരുമേനിയെസ്സംബന്ധിച്ച് അസത്യം പറയി ല്ലെന്ന് തീർച്ചയാണെങ്കിലും സാധാരണസംസാരങ്ങളിൽ കള്ളം പറയാറുള്ള വ്യക്തി. 3) സ്വേഛാപ്രമത്തനും അതിന്റെ പ്രചാരകനും. 4) താൻ പറയു ന്നതെന്താണെന്ന തിരിച്ചറിവ് നഷ്ടപ്പെട്ട വൃദ്ധൻ; അയാൾ എത്ര ശ്രേഷ്ഠനാ ണെങ്കിലും.

ഒരു ഹദീസ് റിപ്പോർട്ട് ചെയ്യുന്ന നിവേദകരുടെ സത്യസന്ധതയും നിവേദകപരമ്പരയുടെ ചേർച്ചയും അതിലെ വിടവുകളും എല്ലാം പരിഗ ണിച്ച് ഹദീസുകളെ പലയിനങ്ങളായി ഹദീസ്നിദാനശാസ്ത്രജ്ഞർ വർഗീ കരിച്ചു. നിവേദനം ചെയ്യപ്പെട്ട മൂലവാക്യത്തെ അപഗ്രഥിച്ച് ഹദീസുകൾ പ്രബലമെന്നും ദുർബലമെന്നും അവർ വിവേചിച്ചു. സ്വഹീഹ്, ഹസൻ, ദഈഫ് എന്നിങ്ങനെയുള്ള ഹദീസ്വിഭജനം മൂലവാക്യത്തെ വിശകലനം ചെയ്ത് നടത്തിയതും മുർസൽ, മർഫൂഅ്, മുൻഖത്വിഅ്, മുഅ്ദൽ തുട ങ്ങിയ വർഗീകരണം നിവേദകപരമ്പര സംബന്ധിച്ച പഠനത്തിന്റെ ഫലവു മാണ്.

ഹദീസിനെ വികലമാക്കാനും അതിൽ മായം ചേർക്കാനും ഇസ്‌ലാമിന്റെ ശത്രുക്കൾ നടത്തിയ ശ്രമങ്ങൾ ഹദീസിനുചുറ്റും അതിശ ക്തമായ പ്രതിരോധദുർഗം തീർക്കാൻ മുസ്‌ലിംകൾക്ക് അവസരമൊരുക്കി. സുന്നത്ത് ക്രോഡീകരിക്കപ്പെട്ടതും ഹദീസ്സാങ്കേതികശാസ്ത്രം, നിവേദ കാപഗ്രഥനവിജ്ഞാനം, ഹദീസ്വിജ്ഞാനീയം തുടങ്ങിയ വിജ്ഞാന ശാഖ കൾ കണ്ടെടുക്കപ്പെട്ടതും ഈ പ്രതിരോധയത്നങ്ങളുടെ ഗുണഫലങ്ങളാണ്. ■

**അവലംബകൃതികൾ**


1) അസ്സുന്നത്തു വ മകാനതുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമി- ഡോ. മുസ്ത്വഫസ്സിബാഈ

2) മുഹാദറാതുൻ ഫീ ഉലൂമിൽ ഹദീസ്- ഡോ. അലി മുഹമ്മദ് ജമ്മാസ്

3) അസ്സുന്നതു ഖബ്‌ലത്തദ്‌വീൻ- ഡോ.മുഹമ്മദ് ഇജാജുൽ ഖത്വീബ്.

4) ഹദീസ് കാ ദിറായതീ മിഅ്‌യാർ-മൗലാനാ മുഹമ്മദ് തഖീ അമീനി.

5) സവാബിഗു ഫീ വജ്ഹിസ്സുന്നഃ - സ്വലാഹുദ്ദീൻ മഖ്ബൂൽ അഹ്മദ്.

6) അന്നുഖ്ബതുൽ ബഹിയ്യഃ ഫിൽ അഹാദീസിൽ മക്ദൂബഃ അലാ ഖൈരിൽ ബരിയ്യഃ - അല്ലാമഃ മുഹമ്മദുൽ അമീറുൽ കബീർ അൽമാലികി.

7) സിൽസിലതുൽ അഹാദീസിസ്സ്വഹീഹഃ - മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനി

8) സിൽസിലതുൽ അഹാദീസിദ്ദഈഫഃ - മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനി

9) മുഖ്തസ്വറു മിൻഹാജിസ്സുന്നഃ - ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ

10)അൽ കശ്ഫുൽ ഇലാഹി അൻ ശദീദിദ്ദുഅ്ഫി വൽ മൗദൂഇ വൽവാഹി - അല്ലാമഃ മുഹമ്മദു ബ്നു മുഹമ്മദിൽ ഹുസൈനി അത്ത്വറാബുൽസി

11) അൽ മൗദൂആത്- ഇബ്നുൽ ജൗസി

12) മീസാനുൽ ഇഅ്തിദാൽ ഫീ നഖ്ദിർറിജാൽ - ഇമാം ശംസുദ്ദീനുദ്ദഹബി.